# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 23-12-2013

## കോളേജുകൾക്ക് സ്വയംഭരണം;
# അഴിമതി അന്വേഷിക്കണം
### -കെ എസ് ടി എ

13 കോളേജുകൾക്ക് സ്വയംഭരണ പദവി നൽകാനുള്ള തീരുമാനത്തിന് പിന്നിൽ നടന്ന അഴിമതിയെക്കുറിച്ചും ഇതിൽ വിദ്യാഭ്യാസമന്ത്രിക്കുള്ള പങ്കിനെക്കുറിച്ചും അന്വേഷിക്കണമെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. ഉന്നതവിദ്യാഭ്യാസ രംഗം വാണിജ്യവൽക്കരിക്കാനുള്ള നീക്കത്തിന്റെ ഭാഗമായിട്ടുള്ളതാണ് സർക്കാരിന്റെ ഈ തീരുമാനം. സ്വകാര്യ-സ്വാശ്രയമാനേജ്മെന്റുകളും വിദ്യാഭ്യാസ മന്ത്രിയുമായി നടന്ന ഗൂഢാലോചനയുടെ ഫലമാണ് ഈതീരുമാനം.

സ്വകാര്യ കോളേജുകൾക്ക് സ്വയംഭരണം നൽകുന്നതോടെ മെറിറ്റും സാമൂഹ്യനീതിയും അട്ടിമറിക്കപ്പെടും. സിലബസ് നിർണയിക്കലും പരീക്ഷ നടത്തിപ്പും കോളേജുകൾതന്നെ സ്വയം നടത്തുന്നതോടെ സംസ്ഥാനത്തെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഇല്ലാതാവും. ഫീസ് നിർണയത്തിന് ഉൾപ്പെടെയുള്ള അധികാരം സ്വകാര്യ മാനേജ്മെന്റുകളിൽ നിക്ഷിപ്തമാവുന്നതോടെ പാവപ്പെട്ടവന്റെ ഉന്നവിദ്യാഭ്യാസ സ്വപ്നം പൂർണമായും ഇരുളടയും.

സാമൂഹ്യപ്രതിബദ്ധയില്ലാത്ത സർക്കാരിന് മാത്രമേ ഇത്തരമൊരു തീരുമാനമെടുക്കാൻ കഴിയൂവെന്നും വിദ്യാഭ്യാസ രംഗത്തെ കച്ചവടവൽക്കരണത്തെ എതിർത്ത് പരാജയപ്പെടുത്തണമെന്നും ജനറൽ സെക്രട്ടറി എം ഷാജഹാൻ ആവശ്യപ്പെട്ടു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി